# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.60/PR/PIC/PHQ/18 Date : 11.03.2018

---

**റോഡപകടങ്ങൾ കുറയ്ക്കുന്നതിന് നടപടികൾ ശക്തമാക്കണം – സംസ്ഥാന പോലീസ് മേധാവി**

സംസ്ഥാനത്ത് റോഡപകടങ്ങളും അപകട മരണങ്ങളും കുറയ്ക്കുന്നതിന് നടപടികൾ ശക്തമാക്കണമെന്ന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ ജില്ലാ പോലീസ് മേധാവിമാർക്ക് നിർദ്ദേശം നൽകി. ജില്ലാ എസ് പി മാരുടേയും മുതിർന്ന ഉദ്യോഗസ്ഥരുടേയും കൺട്രോൾ റൂം വാഹനങ്ങളുടേയും ഹൈവേ പോലീസിന്റേയും കാര്യക്ഷമമായ ഇടപെടലും കൃത്യമായ പരിശോധനകളും നിയമനടപടികളും മൂലം 2017 ൽ റോഡപകടങ്ങളിൽ നല്ല കുറവ് വരുത്താൻ സാധിച്ചിരുന്നു. എന്നാൽ കഴിഞ്ഞ രണ്ടുമാസം ഈ സ്ഥിതിയിൽ നിന്നും വ്യത്യസ്തമായി അപകടങ്ങൾ കൂടുന്ന പ്രവണത കാണുന്ന സാഹചര്യത്തിലാണ് ഈ നിർദ്ദേശം നൽകിയത്. അപകടങ്ങൾ കുറയ്ക്കുന്നതിന് ശക്തമായ ബോധവൽക്കരണത്തിനൊപ്പം നിയമ നടപടികൾ കർശനമാക്കാനും സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകി.

**********